# മലിനീകരണത്തിനെതിരെ
# മനുഷ്യ സംഗമം

## പരിസ്ഥിതി സെമിനാർ

**2004 ഒക്ടോബർ 17 (ഞായർ)**
**രാവിലെ 10 മണി മുതൽ**
**ഏലൂർ S.C.S. മേനോൻ ഹാളിൽ**

ഉദ്ഘാടനം

## പന്ന്യൻ രവീന്ദ്രൻ

**പ്രമുഖ പരിസ്ഥിതി - സാംസ്കാരിക - രാഷ്ട്രീയ നേതാക്കൾ പങ്കെടുക്കുന്നു.**

**വികസനം വേണം, പരിസ്ഥിതി വിനാശം വേണ്ട.**

സുഹൃത്തേ,

വികസനം എന്നാൽ എന്താണെന്നും ആരുടേതാണെന്നും അത് ഏവർക്കും ഒരേ പോലെ പ്രയോജനം കിട്ടുന്നതാണെങ്കിൽക്കൂടിയും ഏതളവുവരെ വികസിക്കാനാകുമെന്നുമുള്ള ചില അടിസ്ഥാന പ്രശ്നങ്ങൾ സംബന്ധിച്ച ചർച്ചകൾക്ക് സമയമായെന്നാണ് 2003 ഒക്ടോബർ 14ന് മലിനീകരണത്തിനെതിരായി സുപ്രീം കോടതി പ്രഖ്യാപിച്ച നിർണ്ണായകമായ വിധിയും തുടർന്നുണ്ടായ സംഭവികാസങ്ങളും സൂചിപ്പിക്കുന്നത്.

വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ തൊഴിലും ജീവിതവും ആരോഗ്യവും തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്. കേരളത്തിലെ വ്യവസായ മേഖല മറ്റു കാരണങ്ങളാൽത്തന്നെയും പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ടെന്നതും സത്യമാണ്. വൻതോതിൽ സബ്സിഡി നൽകിയാണ് പലതും നിലനിർത്തപ്പെടുന്നത്. ചെറുകിട വ്യവസായങ്ങൾ പലതും തുടങ്ങുന്ന വേഗത്തിൽത്തന്നെ അടച്ചു പൂട്ടുന്നുമുണ്ട്. എന്നാൽ മറ്റു മേഖലകളോ?. അക്ഷരാർത്ഥത്തിൽത്തന്നെ ആഴത്തിലുള്ള ചില പ്രതിസന്ധികളിലൂടെയാണ് കേരളം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. 'സമൂഹം' എന്ന കാഴ്ചപ്പാടുപോലും അപ്രസ്ക്തമാക്കും വിധം ശിഥിലമാണ് പ്രതിസന്ധിയുടെ ഇടങ്ങളും വിധേയമാക്കപ്പെടുന്ന ജീവിതങ്ങളും. കാർഷികമേഖല പൂർണ്ണമായും തകർന്നു കഴിഞ്ഞു. പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുത്തിരുന്ന ലക്ഷക്കണക്കിനാളുകൾ നക്കാപ്പിച്ച കാശിന് പണിയെടുക്കുന്നവരോ തൊഴിൽ രഹിതരോ ആയി മാറി. കൃഷിഭൂമിയിൽ കൂലിവേല ചെയ്തിരുന്നവരുടെയും മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളിലെ പുതുതലമുറ വീട്ടുവേലക്കാരും വ്യാപാരസ്ഥാപനങ്ങളിലെ അടിമ വേലക്കാരുമായി മാറി. വിദേശത്ത് ജോലിയുള്ളവർ അടക്കമുള്ള ഉപരി- മധ്യവർഗത്തെ ആശ്രയിച്ചു നിൽക്കുന്ന ഒരു കമ്പോളമാണ് നമുക്കുള്ളത്. വിദ്യാഭ്യാസ- ആരോഗ്യക്കച്ചവടക്കാരും അവിടെത്തന്നെയാണ് കണ്ണു വച്ചിട്ടുള്ളത്. വിദ്യാഭ്യാസ - ആരോഗ്യച്ചിലവുകൾ പലരെയും കടക്കെണിയിലാഴ്ത്തി. നിരവധി കർഷകർ ആത്മഹത്യയിലഭയം തേടി.

ടൂറിസവും ഉദാരവൽകൃതവ്യവസായങ്ങളുമാണ് നമ്മുടെ പുത്തൻ പ്രതീക്ഷകൾ. മലിനീകരണം മൂലം കുപ്പത്തൊട്ടിയായിത്തീർന്ന നാട്ടിൽ ഏതു തരം ടൂറിസമാണ് വളർന്നു വരിക? കുമരകത്ത് ഇതിനകം സംഭവിച്ചതുപോലെ പരിസ്ഥിതിയെയും മണ്ണിലുറച്ച ജീവിത സംസ്കൃതിയെയും കുളം തോണ്ടുന്ന പരിണിതിയാകുമോ സൃഷ്ടിക്കപ്പെടുക?. ടൂറിസ്റ്റുകൾക്കും വ്യവസായികൾക്കും ശുദ്ധജലം നൽകുന്നതിന് ഭരണകൂടത്തിന് വ്യഗ്രതയുണ്ട്. സാധാരണ മനുഷ്യർക്ക് ശുദ്ധജലവും ആരോഗ്യവും ആരാണ് നൽകുക?. മീൻ പിടിച്ചും നെൽ വയലുകൾ സംരക്ഷിച്ചും ജീവിച്ചു പോന്ന ഒരു ജനതയുടെ നഷ്ടങ്ങൾക്കും വ്യഥകൾക്കും നാം എങ്ങിനെ കണക്കുപറയും?.

മുന്നൂറോളം വ്യവസായസ്ഥാപനങ്ങൾ ചേർന്ന് എലൂർ - എടയാർ മേഖലയെ ക്രൂരമായി മലിനീകരിച്ചുകൊണ്ടിരിക്കുകയാണ്. എൻഡോസൾഫാനുൾപ്പെടെ നൂറുകണക്കിന് വിനാശകരങ്ങളായ ഉൽപ്പന്നങ്ങളും മാലിന്യങ്ങളും സൃഷ്ടിക്കുന്ന ഈ പ്രദേശം പെരിയാറിനെ ഒരു വിഷവാഹിനിയാക്കിയിരിക്കുന്നു. കുന്നും വയലും നിരത്തിയെടുത്തും മണലൂറ്റിയും നാം സൃഷ്ടിച്ചെടുത്ത ജല പ്രതിസന്ധി മലിനീകരണത്തെ പിന്നെയും രൂക്ഷമാക്കുന്നു. പരിസര പ്രദേശങ്ങളിൽ നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് അർബുദവും ആസ്ത്മയും ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ ബാധിച്ചവരുടെ എണ്ണം ക്രമാതീതമായി പെരുകിയിരിക്കുന്നുവെന്നാണ്.

എൻഡോസൾഫാൻ ജീവച്ഛവങ്ങളാക്കി മാറ്റിയ ആയിരങ്ങൾ കാസർകോഡ് ജില്ലയിലുണ്ട്. ഭോപ്പാൽ ദുരന്തത്തിൽ മരിച്ചത് പതിനായിരങ്ങളാണ്. അടുത്ത ഊഴം ഏലൂരിന്റേതായിരിക്കാം. ഏലൂരിനെ വിഷഭൂമിയാക്കി മാറ്റി ലാഭം കൊയ്യുന്ന വ്യവസായികൾ ഇപ്പോൾ പറയുന്നത് സർക്കാർ പണം മുടക്കിയാൽ തങ്ങൾ മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ ഏർപ്പെടുത്താമെന്നാണ്. മാനുഷിക പ്രശ്നങ്ങളോടുള്ള അലംഭാവം മുഖമുദ്രയാക്കിയിട്ടുള്ള പുത്തൻ ഉദാരവൽക്കരണവാദത്തിന്റെ നേർ പ്രതിഫലനമാണ് ഈ കൈകഴുകൽ.

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് മനുഷ്യ സമൂഹം ഇന്ന് മുമ്പെന്നെത്തേക്കാളും ബോധവാന്മാരാണ്. പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണവും അപകടകരമായ മാലിന്യങ്ങളുടെ (Hazardous Waste) വിസർജ്ജനവും വരുത്തി വയ്ക്കുന്ന പരിസ്ഥിതി നാശം ലോകത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഇന്ത്യയിലും അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസായങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുവാനും, ബേസൽ കൺവെൻഷൻ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പ്രവൃത്തിക്കുന്ന കമ്പനികൾക്കെതിരെ നടപടിയെടുക്കുന്നതിനും 2003 ഒക്ടോബർ 14ന് സുപ്രീം കോടതി ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി. കർശന നടപടികളെടുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശങ്ങളും നൽകി. എന്നാൽ കുറ്റകരമായ അനാസ്ഥയാണ് ബോർഡ് കാട്ടിയത്. കോടതിയലക്ഷ്യ നടപടികളിൽ നിന്നും രക്ഷപ്പെടുന്നതിനും മലിനീകരണം നടത്തുന്ന ചില സ്വകാര്യ വ്യവസായ സ്ഥാപനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനുമുള്ള ഒരു തന്ത്രമെന്ന നിലയിൽ കേരളത്തിലെ 32 വ്യവസായ സ്ഥാപനങ്ങൾക്ക് ബോർഡ് അടച്ചുപൂട്ടൽ ഉത്തരവു നൽകി. ഇത് വ്യവസായമേഖലയിലാകെ വിഭ്രാന്തി പരത്തി. പരിസ്ഥി സംഘടനകളെ തീവ്രവാദികളും മൗലീകവാദികളുമായി ചിത്രീകരിച്ചുകൊണ്ടുള്ള പ്രചരണങ്ങൾക്കുള്ള ഒരവസരമായി പലരും അതിനെ കണ്ടു.

ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്റെ യഥാർത്ഥ വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഏലൂർ - എടയാർ മേഖലയെ മലിനീകരണ വിമുക്തമാക്കുന്നതിനുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകുന്നതിനുമായി ***ഒക്ടോബർ 17 ഞായറാഴ്ച രാവിലെ 10 മണി മുതൽ ഏലൂർ എസ്. സി. എസ്. മേനോൻ ഹാളിൽ*** നടത്തപ്പെടുന്ന മനുഷ്യ സംഗമത്തിൽ താങ്കൾ സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മനുഷ്യസംഗമം സംഘാടക സമിതിക്കുവേണ്ടി

സി.എ. വിജയചന്ദ്രൻ *(ചെയർമാൻ)*
✆ 9447134209

സി.ഐ. അൻവർ *(ജന. കൺവീനർ)*
✆ 9846002757

# കാര്യപരിപാടി

| | | |
|---|---|---|
| രാവിലെ 10മണി | ... | ഉൽഘാടന സമ്മേളനം |
| സ്വാഗതം | ... | സി.എ. വിജയചന്ദ്രൻ |
| അദ്ധ്യക്ഷ | ... | ശ്രീമതി. ലീലാമേനോൻ |
| കവിത | ... | ഡി. വിനയചന്ദ്രൻ |
| ഉദ്ഘാടനം | ... | **പന്ന്യൻ രവീന്ദ്രൻ** |
| രാവിലെ 11 മണിക്ക് | ... | സെമിനാർ |

## അപകടകരങ്ങളായ രാസമാലിന്യങ്ങൾക്കെതിരായ അന്താരാഷ്ട്ര ഉടമ്പടിയും സുപ്രീംകോടതി വിധിയും

| | | |
|---|---|---|
| മോഡറേറ്റർ | ... | പ്രൊഫ. സീതാരാമൻ |
| അവതരണങ്ങൾ | ... | ആർ. ശ്രീധർ, പ്രൊഫ. എം.കെ. പ്രസാദ്, ഡോ. ആർ. നന്ദകുമാർ<br>ടി. ആർ. രഘുലാൽ |

## പരിസ്ഥിതി പ്രശ്നങ്ങളും തൊഴിലാളി വർഗ്ഗ നിലപാടുകളും

| | | |
|---|---|---|
| മോഡറേറ്റർ | ... | എൻ.പി. ജോൺസൺ |
| അവതരണങ്ങൾ | ... | ബിനോയ് വിശ്വം എം..എൽ.എ., പി. രാജീവ്, അഡ്വ. കെ. പി. ഹരിദാസ്,<br>ചാൾസ് ജോർജ്ജ്, പ്രൊഫ. പി.കെ. രവീന്ദ്രൻ, സുനിൽ പി. ഇളയിടം |

## ഏലൂർ - ഏടയാർ മേഖലയിലെ രാസമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും

| | | |
|---|---|---|
| മോഡറേറ്റർ | ... | സി. ജയരാമൻ |
| അവതരണങ്ങൾ | ... | ഡോ. സി.എം. ജോയി,, സക്കീർ ഹുസൈൻ, ജയകുമാർ |

## പെരിയാർ പരിസ്ഥിതി പ്രഖ്യാപനം

| | | |
|---|---|---|
| രേഖ അവതരണം | ... | പുരുഷൻ ഏലൂർ |

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, എടയാർ പരിസ്ഥിതി സംഘം, ലോഹ്യാ വിചാര വേദി, എർത്ത് സൊസൈറ്റി, സോളിഡാരിറ്റി, പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി, ചാലക്കുടി പുഴ സംരക്ഷണ സമിതി, കേരള സർവ്വോദയ മണ്ഡലം, സമാജ് വാദി ജനപരിഷത്ത്, എൻ.എ. പി.എം., വയനാട് പ്രകൃതി സംരക്ഷ സമിതി, സെൻസ്, ഗ്രീൻസ്, പി.യു.സി.എൽ, കരിമണൽ ഖനനവിരുദ്ധ സമിതി, ഉറവ്, കേരളീയം, സൽസബീൽ, കേരള യുക്തിവാദി സംഘം, പൂയംകുട്ടി സംരക്ഷണ സമിതി, കുമരകം നേച്ചർ ക്ലബ്, ഭാരതീയ യുക്തിവാദിസംഘം, ആലുവ പരിസ്ഥിതി സംഘം, കാർബൺ മലിനീകരണ വിരുദ്ധ സമിതി, ഹരിത മൈത്രി, കേരള നദീ സംരക്ഷണ സമിതി, എനർജി കൺസർവേഷൻ സൈസൊറ്റി, മണ്ണിര ജൈവമാലിന്യ സംസ്കരണ സൊസൈറ്റി, മെർക്കം മലിനീകരണ വിരുദ്ധ സമിതി, കേരള സ്ത്രീ വേദി, ചിറ്റൂർ പൗരസമിതി, ജനപക്ഷം, പശ്ചിമ കൊച്ചി ജനകീയ പ്രതിരോധ സമിതി, ദർശനവേദി, ഹ്യൂമൺ റൈറ്റ്സ് ലോ നെറ്റ്വർക്ക്, സി.പി.കെ.പ്ലസ്, പെരിയാർ മലിനീകരണ വിരുദ്ധ സമിതി തുടങ്ങിയ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുക്കുന്നു.

***സമ്മേളന സ്ഥലത്ത് എത്തിച്ചേരുന്നതിന് എറണാകുളം ആലുവ റൂട്ടിൽ നോർത്ത് കളമശ്ശേരിയിൽ നിന്നും ഫാക്ട് ജംഗഷനിൽ എത്തുക,***

***ബന്ധപ്പെടാവുന്ന നമ്പറുകൾ - 9895225963, 9847297466, 0484-2532723***

# ടൂറിസത്തിന്റെ പേരിൽ....

## (വയനാട്ടിൽ നടക്കുന്നതെന്ത്?)

കേരളത്തിലെ തന്നെ അപൂർവ്വമായ പുഴയോര ആവാസവ്യവസ്ഥകളിൽ പ്രധാനപ്പെട്ട സ്ഥാനമാണല്ലോ കുറുവാദ്വീപിന് ഉള്ളത്. ഇരുവശവും പുഴയാൽ ചുറ്റപ്പെട്ടതും വർഷകാലങ്ങളിൽ ജലനിരപ്പ് ഏറ്റവും ഉയരുന്നദിവസങ്ങളിൽ വെള്ളത്തിനടിയിൽ ആവുന്നതും ആയ ദ്വീപിൽ കേരളത്തിൽ എങ്ങുമില്ലാത്തതും വളരെ വ്യത്യസ്തവുമായൊരു സസ്യ-ജന്തുജാല ആവാസവ്യവസ്ഥ നിലവിലിരിക്കുന്നു. ഈ പ്രത്യേകതകളൊക്കെക്കൊണ്ട് ഇവിടം വ്യത്യസ്തമായ പലയിനം പക്ഷികളുടെയും മത്സ്യങ്ങളുടെയും പൂമ്പാറ്റകളുടെയും ആവാസവ്യവസ്ഥയാണ്. ഇതിലേക്ക് ടൂറിസ്റ്റുകളുടെ കടന്നുകയറ്റം ഇതിനെ ഇല്ലായ്മ ചെയ്യുന്നതിലേക്ക് എത്തിച്ചേരും. മദ്യപാനത്തിനും മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുമായി കുറുവാദ്വീപിലേക്ക് കടന്നു കയറുന്നവർ ഇപ്പോൾതന്നെ ദ്വീപിന് ചുറ്റും വസിക്കുന്ന ആദിവാസികൾ അടക്കമുള്ളവരുടെ സ്വൈര്യ ജീവിതത്തിന് തടസ്സമായി തീർന്നിരിക്കുന്നു. മാത്രമല്ല കുറുവാദ്വീപിലേക്ക് ടൂറിസ്റ്റുകളെ കടത്തിവിടുന്നത് നിലവിൽ ഉള്ള വന നിയമങ്ങളുടെ ലംഘനമാണ്. വന്യജീവി സങ്കേതങ്ങളിലെ ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രമേ ഇന്ന് ടൂറിസം നിയമപരമായി അനുവദിച്ചിട്ടുള്ളൂ. റിസർവ്വ് വനങ്ങളിലേക്ക് ടൂറിസ്റ്റുകൾക്ക് പ്രവേശനമില്ല. റിസർവ്വ് വനമായ കുറുവാദ്വീപിലേക്ക് വനംവകുപ്പിന്റെ അനുവാദം കൂടാതെ ആളുകൾ കയറിയിറങ്ങുന്നു. മാത്രമല്ല ഇപ്പോൾ ദ്വീപ് വനം വകുപ്പിന്റെ നിയന്ത്രണത്തിൽ നിന്നും ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്.

ഇതേപോലെ തന്നെ വനംവകുപ്പിന്റെ നിയന്ത്രണത്തിൽ നിന്നും ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലേയ്ക്ക് എത്തിപ്പെട്ട സ്ഥലമാണ് മാനന്തവാടി പഴശ്ശി പാർക്ക്. ലക്ഷങ്ങൾ മുടക്കി ഈയിടെ പാർക്ക് നവീകരിച്ചിരുന്നു. ഈ തുക വിനിയോഗിക്കുന്നതിനു മാത്രം സോഷ്യൽ ഫോറസ്ട്രിയും മാനന്തവാടി ഗവ:സ്കൂളിലെ വിദ്യാർത്ഥികളും ചേർന്ന് വർഷങ്ങൾ കൊണ്ട് വച്ച് പിടിപ്പിച്ച മരങ്ങൾ D T P C യിലെ ചില ഉന്നതരുടെ താത്പര്യങ്ങൾക്കനുസരിച്ച് മുറിച്ചു മാറ്റി. സർക്കാർ ഭൂമിയിലെ മരങ്ങൾ മുറിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളൊക്കെ ലംഘിച്ചായിരുന്നു ഇത്. സർക്കാർ ഭൂമിയിൽ നിന്നും മരംമുറിക്കണമെങ്കിൽ ആദ്യം വനംവകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇത് നടന്നിട്ടില്ല. വനംവകുപ്പിന്റെ അനുവാദമില്ലാതെയാണ് ടൂറിസം വകുപ്പ് വനം മുറിച്ചതെന്ന് പറയപ്പെടുന്നു. മാത്രമല്ല സർക്കാർ ഭൂമിയിൽ നിന്നും മുറിക്കുന്ന മരങ്ങൾ ലേലം ചെയ്തല്ലാതെ വിൽക്കാൻ പാടില്ലാത്തതാണ്. എന്നാൽ പാർക്കിലെ മരങ്ങൾ ഓരോ ദിവസവും മുറിക്കുന്നത് അന്ന് രാത്രി തന്നെ കടത്തുകയായിരുന്നു. ഇതിനു പിന്നിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്ന് അന്നേ ആരോപണം ഉയർന്നിരുന്നു. പൊതു പണം ഉപയോഗിച്ച് മോടിപിടിപ്പിച്ച് പാർക്ക് സ്വകാര്യ മേഖലയ്ക്ക് ലീസിന് കൊടുക്കാനാണ് D T P C യുടെ പുതിയ തീരുമാനം.

കേരളത്തിൽ പലയിടങ്ങളിലും ടൂറിസത്തിന്റെ മറവിൽ ഇത്തരത്തിൽ പൊതുസ്വത്തിന്റെ സ്വകാര്യവത്കരണങ്ങൾ നടന്നുവരികയാണ്. ഏറ്റവും ഒടുവിലായി മാഹിയിലെ ടാഗോർ പാർക്കിന്റെ കഥയും ഇതുതന്നെ. അവിടെയും പൊതുഖജനാവിൽ നിന്നും ലക്ഷങ്ങൾ മുടക്കി നവീകരണം നടത്തിയ ശേഷം സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ശ്രമിച്ചു. ഇപ്പോൾ അവിടെയും ജനങ്ങൾ ചെറുക്കാൻ തുടങ്ങിയിരിക്കുന്നു. കോവളം കൊട്ടാരം, വാഗമ പുൽമേട്, പാതിരാ മണൽ ഇതുപോലുള്ള ഉദാഹരണങ്ങൾ നേരത്തേതന്നെ നമ്മുടെ മുന്നിലുള്ളതാണല്ലോ.

മാത്രമല്ല പാർക്ക് സ്വകാര്യ മേഖലയ്ക്ക് വിട്ട് കൊടുക്കുകയും അവിടെ സുഖവാസത്തിനായി കോട്ടേജുകൾ പണിയുകയും ചെയ്താൽ അത് തൊട്ടടുത്തുള്ള സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമാവുന്ന രീതിയിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ താവളമായേക്കാം.

ടൂറിസത്തിന്റെ മറവിൽ പൊതു സ്വത്ത് കൈക്കലാക്കുകയും അവിടെ പൊതുജനങ്ങളെ നിയന്ത്രിക്കുകയും അവസാനം സ്വകാര്യ മേഖലയ്ക്ക് വിൽക്കുകയുമാണ് D T P C ചെയ്യുന്നത്. ഇത് അനുവദിക്കാൻ കഴിയില്ലെന്നും, മാനന്തവാടി പഴശ്ശിപാർക്ക് മാനന്തവാടിക്കാർക്ക് സ്വതന്ത്രമായി കടന്നുചെല്ലാവുന്ന ഒരു പൊതു ഇടമായി സംരക്ഷിക്കണമെന്നും, ഇതിന്റെ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നും പൊതു അഭിപ്രായത്തെ മാനിക്കാതെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലെന്നും പൊതു അഭിപ്രായം വരേണ്ടതുണ്ട് എന്ന് ഞങ്ങൾ കരുതുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ രൂപീകരിച്ചിരിക്കുന്ന കോ-ഓഡിനേഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ **2004 ഒക്ടോബർ 6-ാം തീയതി കൽപ്പറ്റ കലക്ട്രേറ്റിന് മുന്നിൽ** നടത്തുന്ന ധർണ്ണയിലേക്കും പ്രകടനത്തിലേക്കും എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

എന്ന്,

സമയം 2 മണി

**കോ-ഓഡിനേഷൻ കമ്മറ്റി**

St. Joseph's Offset Press, Mananthavady PH: 240010. 24269

# ഹരിതമൈത്രി

## പരിസ്ഥിതി - സാംസ്കാരിക പ്രവർത്തകരുടെ സംസ്ഥാനതല കൂടിച്ചേരൽ - 2004 ആഗസ്റ്റ് 14, 15 തീയതികളിൽ കാലടി പ്ലാന്റേഷനിൽ വച്ച്.

(സമ്മേളന സ്ഥലം : കാലടി പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ ഹാൾ)

---

സുഹൃത്തേ,

സാമൂഹിക സുസ്ഥിതിയെ സഹായിക്കുന്ന വികസന/ജീവിത മാതൃകകളെക്കുറിച്ചുള്ള സങ്കല്പങ്ങൾ നീതിയെക്കുറിച്ചുള്ള ആശയങ്ങളാലും പരിസ്ഥിതി നാശത്തെക്കുറിച്ചുള്ള ഉത്ക്കണ്ഠകളാലും പ്രചോദിക്കപ്പെട്ടവയാണ്. പക്ഷേ അത്യാഡംബര ജീവിതത്തിന്റ മാതൃകകൾക്കാണ് കൂടുതൽ സമ്മതി ലഭിക്കുന്നത്. വിനാശകരങ്ങളായ വികസന പദ്ധതികൾ ഉപേക്ഷിക്കാതിരിക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് ധൈര്യം നൽകുന്നത് ഉപഭോഗാസക്തിയുടെ പ്രത്യയശാസ്ത്രത്തിനുള്ള ഈ സ്വീകാര്യതയാണ്. വ്യക്തികേന്ദ്രിതവും മത്സരാധിഷ്ഠിതവുമായ ഈ ലോകവീക്ഷണത്തിൽ നിന്ന് സമഷ്ടി ബോധത്തിലേക്കുള്ള പരിവർത്തനം എളുപ്പമാകാനിടയില്ല. പക്ഷേ മാനുഷിക പ്രശ്നങ്ങൾക്കുള്ള യഥാർത്ഥമായ പരിഹാരം മറ്റൊന്നാകാനും വഴിയില്ല.

പരിസ്ഥിതി-സാംസ്കാരിക പ്രവർത്തകരുടെ ഒത്തുചേരലിനുള്ള സാധ്യതയെക്കുറിച്ച് ചിന്തിക്കുമ്പോഴും ഈ സംഗതികൾ പരിഗണനാർഹമാകുന്നുണ്ട്. രണ്ടുവർഷം മുൻപ് ഏഴാറ്റുമുഖത്തുവച്ചുനടന്ന കൂടിച്ചേരൽ പല തുടർപ്രവർത്തനങ്ങൾക്കും വഴിയൊരുക്കുകയുണ്ടായി. പക്ഷേ വേണ്ടത്ര ആശയവിനിമയങ്ങളും യോജിച്ച പ്രവർത്തനങ്ങളും ഉണ്ടാകാതെ പോയതെന്തുകൊണ്ടാണെന്നതും വിലയിരുത്തപ്പെടേണ്ടതുണ്ട്.

ഒന്നാം ലോകത്തിന്റ സുഖസൗകര്യങ്ങൾക്കുവേണ്ടി കൂടുതൽ കാര്യക്ഷമതയോടെയും അച്ചടക്കത്തോടെയും പണിയെടുക്കുകയും നിലനിൽപ്പിന്റെ ആധാരങ്ങൾക്കൂടി നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിനീത വിധേയത്വത്തിനപ്പുറം ഒരു കർതൃത്വവും സാധ്യമല്ലെന്ന ഒരു ഒത്തുതീർപ്പിലേക്ക് നമ്മുടെ സാമൂഹിക പ്രവർത്തനങ്ങളും പരുവപ്പെടുന്നുണ്ടാകാം.

വിഭാഗീയമായ സ്വത്വബോധങ്ങൾക്കപ്പുറത്ത് പ്രകൃതി-മനുഷ്യ പാരസ്പര്യത്തിന്റ ജൈവികതയിലേക്ക് മടങ്ങുന്ന ഒരു ജീവിതം സൃഷ്ടിക്കലാവാം ഏറ്റവും സർഗ്ഗാത്മകമായ പ്രതിരോധം. നമ്മുടെ

കാഴ്ചപ്പാടുകളിൽ ഏറെ സൂക്ഷ്മതയും സമീപനങ്ങളിൽ വ്യത്യസ്തതയും ആവശ്യപ്പെടുന്ന ഒന്നായിരിക്കാമത്. വരും തലമുറകൾക്കുവേണ്ടിക്കൂടി നമ്മുടെ വിഭവങ്ങൾ സംരക്ഷിക്കുകയെന്നത് മനുഷ്യർക്കിടയിലെ അധികാരബന്ധങ്ങളെ പുനർനിർവ്വചിക്കുന്നതിനുവേണ്ടിയുള്ള സമരങ്ങൾ കൂടിയാണെന്നും വരാം - നാം ഇടപെടുന്ന ഓരോ ജീവിത സന്ദർഭങ്ങളിലും മാറ്റങ്ങൾ സൃഷ്ടിക്കുന്ന ഒന്ന്.

ആശയങ്ങൾ കൈമാറുന്നതിനും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള വഴി തേടുന്നതിനും രണ്ടു ദിവസത്തെ ഈ കൂടിച്ചേരലിൽ താങ്കൾ സുഹൃത്തുക്കളോടൊപ്പം പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

അങ്കമാലി
15.07.2004

ബിജു. പി. നടുമുറ്റം, ജനറൽസെക്രട്ടറി
ഹരിതമൈത്രി, ആദം ബസാർ, അങ്കമാലി-683 572

---

## കാര്യപരിപാടി

2004 ആഗസ്ത് 14 ശനിയാഴ്ച

രാവിലെ 11.30 മുതൽ : 'സുസ്ഥിരവികസനവും സാമൂഹിക ബന്ധങ്ങളിലെ നീതിയുക്തതയും'

അയൽപക്ക സദസ്സുകൾ എന്ന ആശയത്തോട് പ്രതികരിച്ചുകൊണ്ട് ഡോ: രാജൻ ഗുരുക്കൾ നടത്തുന്ന ആമുഖപ്രഭാഷണം.

വൈകിട്ട് 4 മണി മുതൽ : 'കാട് - പുഴയോര ആവാസവ്യവസ്ഥകളുടെ സംരക്ഷണം.'

<u>വിഷയാവതരണം</u> : ശ്രീ. പി. കെ. ഉത്തമൻ

4.30 മുതൽ : 'പരിസ്ഥിതിനാശത്തിനെതിരായ ജനകീയ ചെറുത്തുനിൽപ്പ് - പഠനവും പ്രായോഗിക പ്രവർത്തനങ്ങളും'

<u>വിഷയാവതരണം</u> : ഡോ : എ. ലത

5 മണി മുതൽ : പൊതുചർച്ച

രാത്രി 8.30 മുതൽ : സ്ലൈഡ് ഷോ, വീഡിയോ പ്രദർശനം

9.30 മുതൽ : പൊതുചർച്ച

ആഗസ്ത് 15 ഞായറാഴ്ച

രാവിലെ 9 മണി മുതൽ : 'പരിസ്ഥിതിയും നവസാമൂഹികതയും ചിന്താ സംഘർഷങ്ങൾ'


<u>വിഷയാവതരണം</u> : ഡോ : ടി. വി. മധു
തുടർന്ന് പൊതുചർച്ച

<u>ഉച്ചകഴിഞ്ഞ്</u> : അതിരപ്പിള്ളി - പെരിങ്ങൽക്കുത്ത് യാത്ര.

കൂടിച്ചേരലിലും ചർച്ചകളിലും:

ഡോ : വി. എസ്. വിജയൻ, പ്രൊഫ. എം. കെ. പ്രസാദ്, കെ. അജിത, ലത്തീഫ് കീഴ്ശ്ശേരി, അശോകൻ ചരുവിൽ, സി. ആർ. നീലകണ്ഠൻ, എൻ. ബാദുഷ, ടോണി തോമസ്, പി. സുന്ദരരാജൻ, ഡോ : സി. എം. ജോയ്, സുനിൽ. പി. ഇളയിടം, എ. മോഹൻകുമാർ, ഡോ : എ. കെ. രാമകൃഷ്ണൻ, ജോർജ്ജ് അലക്സ്, കെ. രാജഗോപാൽ, ജോഷി ജേക്കബ്, ഇ. ഉണ്ണിക്കൃഷ്ണൻ, എം. സുചിത്ര, അബ്ദുൾ വഹാബ്, സുരേഷ് ജോർജ്, വിളയോടി വേണുഗോപാൽ, ജോൺ പെരുവന്താനം, അഡ്വ. പി. എ. പൗരൻ, സി. കെ. സലിംകുമാർ, വി. ജയദേവ്, പി. വി. ശോഭ, മുകുന്ദനുണ്ണി, സി. എ. റോബിൻ, ഡോ. നന്ദകുമാർ, സി. രാജഗോപാലൻ, എം. കെ. രാജേന്ദ്രൻ, സി. ജി. ബൈജു, കെ. സി. സന്തോഷ്കുമാർ, സീമാഭാസ്കർ, സുരേഷ് ബാബു, കെ. പി. ഗിരിജ, ശിവരാജ്, തോമസ് അമ്പലവയൽ, ബാബു മൈലമ്പാടി, സത്യൻ മേപ്പയ്യൂർ, കളം രാജൻ, ജാഫർ അത്തോളി, അറുമുഖൻ പത്തിച്ചിറ, പുരുഷൻ ഏലൂർ, യേശുദാസ് വരാപ്പുഴ, എസ്. ഉണ്ണിക്കൃഷ്ണൻ, എസ്. പി. രവി, ജിയോ ജോസ്, വി. ഡി. മജീന്ദ്രൻ, പി. കെ. ധർമ്മരാജ്, ആശാലത, പി. ടി. എം. ഹുസൈൻ, സുമൻ, ശ്രീകുമാർ, ഐ.കെ. രാജു, ജ്യോതി നാരായണൻ, ജേക്കബ് ലാസർ, വി.എം. ഗിരിജ, സിനിക്, സി. ജയരാമൻ, കെ. എം. സുധാകരൻ, പി. ശിവശങ്കരൻ, അശോകൻ, ജയപ്രകാശ്, സി. പി. ആന്റണി, റഫീക്ക് അഹമ്മദ്, കെ. എസ്.പ്രമോദ്, ടി.പി.സുരേഷ് ബാബു, സി. കെ. സുജിത്ത്കുമാർ, സി.ബി.അനിൽകുമാർ, വിനോദ്കോശി, ആശ, അമിതാഭ് ബച്ചൻ, സി. ജി. മധുസൂദനൻ, കെ. അനിൽകുമാർ, അനിത

തുടങ്ങിയവർക്കൊപ്പം ഹരിതമൈത്രി പ്രവർത്തകരും സുഹൃദ് സംഘടനാ പ്രതിനിധികളും പങ്കെടുക്കുന്നു.



**സമ്മേളന സ്ഥലത്തെത്തിച്ചേരുന്നതിന് :**

അങ്കമാലിയിൽ നിന്നും അയ്യമ്പുഴ വഴിയോ, വെറ്റിലപ്പാറ വഴിയോ വരുന്ന കാലടി പ്ലാന്റേഷൻ ബസ്സിൽ കയറി 9-ാം ബ്ലോക്ക് പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ ഇറങ്ങുക. (അങ്കമാലിയിൽ നിന്നും 24 കി.മീ)

കാലടിയിൽ നിന്നും ചാലക്കുടിയിൽ നിന്നും ഏതാനും ബസ്സുകൾ പുറപ്പെടുന്നുണ്ട്.

**താമസ സൗകര്യങ്ങൾ** : പൊതുവായ താമസ സൗകര്യങ്ങൾ മാത്രമാണ് സമ്മേളന സ്ഥലത്ത് ഉള്ളത്. പ്രത്യേക താമസ സൗകര്യം വേണ്ടവർ മുൻകൂട്ടി അറിയിക്കണം.

**സമ്മേളനച്ചെലവുകൾ** : പ്രതിനിധികൾ കൂട്ടായ് പങ്കിടണമെന്നുദ്ദേശിക്കുന്നു.

**ബന്ധപ്പെടാവുന്ന ഫോൺനമ്പറുകൾ**

ഹരിതമൈത്രി - 0484 2459546

ടി. എസ്. പ്രസാദ്,

കാലടി പ്ലാന്റേഷൻ - 0484 2696016

സമ്മേളന സ്ഥലം :

(കാലടി പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ ഹാൾ) - 0484 2696685

# സർക്കാരിതര വിദേശ ഫണ്ടിങ്ങിന്റെ രാഷ്ട്രിയവും ദൗത്യവും

## പ്രൊഫ : എസ്. സുധീഷിന്റെ ('പാഠം' മാസിക) പ്രഭാഷണം

## 2004 ജനുവരി 11 ഞായറാഴ്ച 2 മണിക്ക് സുൽത്താൻ ബത്തേരി

## ടിപ്പുസുൽത്താൻ പ്ലേസിൽ

"പ്രാദേശിക വാദത്തിലേക്ക് മടങ്ങാൻ, ഗോത്രത്തിലേക്ക്മടങ്ങാൻ, ജാതിയിലേക്ക് മടങ്ങാൻ, ജനതയെ നിരന്തരമായി ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യയ ശാസ്ത്രപദ്ധതി വിദേശ ഫണ്ടിങ്ങ് ഏജൻസികൾക്കുണ്ട്".

പ്രിയസുഹൃത്തേ,

കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ, വയനാടിന്റെ സവിശേഷസാഹചര്യങ്ങളിൽ വിദേശ ഫണ്ടിങ്ങിന്റെ രാഷ്ട്രീയത്തിന് അഗാധവും നൂതനവുമായ അർത്ഥതലങ്ങളുണ്ടെന്നത് നിശ്ചയമാണ്. നമ്മുടെ തനതും സമ്പന്നവുമായ സംസ്ക്കാരം, കാലാവസ്ഥ, കൃഷി, കാർഷിക ജീവിതവ്യവസ്ഥ, പാരമ്പര്യഗ്രാമീണ വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം തന്നെ പാതാളത്തിലേക്ക് മുതലക്കുപ്പ്കുത്തുമ്പോഴും ഉയരങ്ങളിലേക്ക്, ബഹുനിലമന്ദിരങ്ങളായും, ചലിക്കുന്ന ശീതികരിച്ച കൊട്ടാരങ്ങളായും, പ്രൊഫഷണലുകൾ നയിക്കുന്ന നവസാമൂഹ്യ പ്രസ്ഥാനങ്ങളായും, എൻ.ജി.ഒ.കൾ നമ്മുടെ സമൂഹത്തെ കീഴടക്കികൊണ്ടിരിക്കുകയാണ്. ചാരന്മാർ പതുങ്ങി, പിൻവാതിലൂടെ പ്രവേശിക്കുന്നുവെന്നത് ഇന്നൊരു പഴംകഥമാത്രം ! വിദേശഫണ്ടിന്റെ ധാർഷ്ട്യവുമായി അവരിപ്പോൾ പൂമുഖത്ത് കസേരയിട്ട് ഞെളിഞ്ഞിരിപ്പാണ്. വീട്ടുടമ വേലിക്കപ്പുറത്ത് ഓച്ഛാനിച്ച് നിൽക്കേണ്ട കാലത്തിലേക്ക് ഇനിയധികം ദൂരമില്ല.

പ്രൊഫ : എം. എൻ. വിജയനും, പ്രൊഫ : എസ്. സുധീഷും 'പാഠം' മാസികയും ഫണ്ടിങ്ങിന്റെ രാഷ്ട്രിയം പറയാൻ തുടങ്ങിയപ്പോൾ പലരുടെയും മുഖംമൂടികൾ അഴിഞ്ഞു വീഴുന്നതു നാം കണ്ടതാണല്ലോ. പക്ഷേ, പൗരവകാശ സംരക്ഷകരായി രൂപാന്തരീകരണം സംഭവിച്ച റിട്ടയേഡ്ജഡ്ജിമാരുടേയും, സാംസ്ക്കാരിക നായകന്മാരുടേയും മാധ്യമ പ്രവർത്തകരുടേയും, "മനുഷ്യാവകാശപരിസ്ഥിതി" പ്രവർത്തകരുടേയും, പേക്കോലങ്ങൾ കണ്ണുചിമ്മി പാലുകുടിച്ചുകൊണ്ടേയിരിക്കുകയാണ്. വയനാട്ടിലാണെങ്കിൽ, മുത്തങ്ങ സംഭവത്തിലും. തുടർന്നും ഫണ്ടിങ്ങ് ഏജൻസികളും, അവരുടെ വൈതാളികരും നടത്തിയ ഉറഞ്ഞാട്ടം ആരും മറന്നിട്ടില്ല. ഗുണ്ടകളേയും സാമൂഹ്യ വിരുദ്ധരേയും വികലമനസ്സുകളേയും സാംസ്ക്കാരിക നായകരായും പൗരവകാശത്തിന്റെ മൊത്തവിതരണക്കാരായും എഴുന്നള്ളിച്ചുനടക്കുന്നതും വിദേശ ഫണ്ടിങ്ങ് തമ്പുരാക്കന്മാർ തന്നെ.

കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശഫണ്ട് പറ്റുന്ന എൻ.ജി.ഒ.കൾ പ്രവർത്തിക്കുന്ന സ്ഥലമാണ് വയനാട്. കൊടിയ പാരിസ്ഥിതികത്തകർച്ചയോടൊപ്പം ഇക്കൂട്ടരുടെ സാമൂഹ്യ മരുവൽക്കരണവും നമ്മെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വയനാടിന്റെ സമസ്തമേഖലകളിലും ഇവരുടെ വിഷവേരുകൾ ആഴ്ന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ എൻ.ജി.ഒ കളുടെ പങ്കിനെക്കുറിച്ച് വിവാദങ്ങൾക്ക് ചെവികൊടുക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. കുടിവെള്ളം, ശുദ്ധവായു, പാർപ്പിടം തുടങ്ങിയ അടിസ്ഥാന വിഭവങ്ങളെല്ലാം തന്നെ ഇവരുടെ നിയന്ത്രണത്തിലും വരുതിയിലും വരാൻ പോവുകയാണ്. സായിപ്പിന്റെ ഡോളർ കൊണ്ടും, അറബിയുടെ എണ്ണപ്പണംകൊണ്ടും മാത്രമെ പരിസ്ഥിതി - സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് നിലനിൽക്കാൻ കഴിയൂ എന്ന് 'പാഠഭേദം' ചമക്കുന്നവരും വിജയൻ മാഷിന്റെയും സുധീഷിന്റെയും വെളിപ്പെടുത്തലുകളോട് പ്രതികരിക്കാൻ ബാധ്യസ്ഥമാണ്.

പ്രഭാഷണത്തിലേക്കും സംവാദത്തിലേക്കും താങ്കളെ വിനയപൂർവ്വം ക്ഷണിക്കുന്നു.

എന്ന്,

തോമസ്, അമ്പലവയൽ
സെക്രട്ടറി, വയനാട് പ്രകൃതിസംരക്ഷണസമിതി

സുൽത്താൻ ബത്തേരി
3-1-2004

**WAYANAD PRAKRUTI SAMRAKSHANA SAMITHI**

(Reg. No.239/2003)
SULTHAN BATHERY - 673 592
Wayanad, Kerala

✆ 04936 222024
260187
270177
220870

Date 6.6.04

<u>പാത്രക്കടവ്, സൈലന്റ് വാലി
പദ്ധതി തന്നെ.</u>

പാലക്കാട് ജില്ലയിലെ കുന്തിപ്പുഴയിൽ പാത്ര-
ക്കടവിൽ നിർദ്ദേശിക്കപ്പെട്ട ജലവൈദ്യുതപദ്ധതി
പേരു് മാറിയ പഴയ സൈലന്റ് വാലി തന്നെ
യാണെന്ന് പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ
ഡോ. സതീശ്ചന്ദ്രൻനായർ പറഞ്ഞു. കഴിഞ്ഞ
മുപ്പത് വർഷമായി പശ്ചിമഘട്ടത്തിലെ വിശേഷിച്ചും
സൈലന്റ് വാലി വനമേഖലയിലും പഠന ഗവേഷ-
ണങ്ങൾ നടത്തുന്ന സതീശ്ചന്ദ്രൻനായർ കേന്ദ്ര
പരിസ്ഥിതി വകുപ്പിന്റെ ഉപദേഷ്ടാവ് കൂടിയാണ്.
ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്
വയനാട് പ്രകൃതിസംരക്ഷണ [illegible]
[illegible] പരിസ്ഥിതി
സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
മണൽവാരലും വനനശീകരണവും മൂലം വററി
വരണ്ട ഭാരതപ്പുഴയിൽ, ~~[illegible]~~ വേനൽക്കാലത്ത്
അല്പമെങ്കിലും നീരൊഴുക്കുണ്ടാവുന്നത്
കുന്തിപ്പുഴയിലെ ജലം കൊണ്ടാണ്. നിർദ്ദിഷ്ട
പാത്രക്കടവ് പദ്ധതിവരുന്നതോടെ
ഭാരതപ്പുഴ ഇല്ലാതാകും. 20 കിലോമീററി
ലധികം കാടിനകത്തു കൂടി ഒഴുകുന്ന
കുന്തിപ്പുഴ പോലെ മറെറാരു നദി കേരള

**WAYANAD PRAKRUTI SAMRAKSHANA SAMITHI**

(Reg. No.239/2003)
SULTHAN BATHERY - 673 592
Wayanad, Kerala

✆ 04936 222024
260187
270177
220370

Date ..............................

ത്തിലിരു. കോൺട്രാക്ടർ, ഉദ്യോഗസ്ഥ, രാഷ്ട്രീയ കൂട്ടുകെട്ടാണ് പദ്ധതികളെല്ലാം കൊണ്ടുവരുന്നതിന് പിന്നിൽ. ആരംഭിച്ച പദ്ധതികളൊന്നും പൂർത്തിയാക്കാൻ തയ്യാറാവാതെ പുതിയ പദ്ധതികളുമായി വരുന്നത് ബോധപൂർവമാണ്. ഇന്ത്യയിൽ ഏററവും കുറഞ്ഞ വൈദ്യുതി പ്രതിസന്ധി നേരിടുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നിട്ടും പുതിയ പദ്ധതികൾക്കു വേണ്ടി വാദിക്കുന്നവരുടെ കണ്ണുകൾ സൈലൻറ് വാലി കുടകളിലും കിഴർ പതാത്തിലുമാണ്. ഇത് തിരിച്ചറിഞ്ഞ് പ്രതികരിക്കേണ്ടത് യുവർ രാഷ്ട്രീയരുടെയും ബാധ്യതയാണ്. ഈ ~~[illegible]~~ വർഷത്തെ പരിസ്ഥിതി ദിനം പാത്രക്കടവ് പദ്ധതിക്കെതിരായുള്ള ഒരു പുനഃപ്രഖ്യാപനമായി മാറണം അദ്ദേഹം പറഞ്ഞു.

യോഗത്തിൽ പ്രസിഡന്റ് എൻ. ബാദുഷ അദ്ധ്യക്ഷനായിരുന്നു. തോമസ് അമ്പലവയൽ സ്വാഗതവും വി.എം. രാജൻ നന്ദിയും പറഞ്ഞു. എം. ഗംഗാധരൻ, ഷെ.പി. അബ്ദുൾ വഹാബ്, കെ. ദിവാകരൻ, കെ. എസ്. സുരേഷ്, ജി. ഹരിലാൽ തുടങ്ങിയവർ സംസാരിച്ചു.

# സർക്കാരിതര വിദേശ ഫണ്ടിങ്ങിന്റെ രാഷ്ട്രീയവും ദൗത്യവും

## പ്രൊഫ : എസ്. സുധീഷിന്റെ ('പാഠം' മാസിക) പ്രഭാഷണം

## 2004 ജനുവരി 11 ഞായറാഴ്ച 2 മണിക്ക് സുൽത്താൻ ബത്തേരി

# ടിപ്പുസുൽത്താൻ പ്ലേസിൽ

"പ്രാദേശിക വാദത്തിലേക്ക് മടങ്ങാൻ, ഗോത്രത്തിലേക്ക്മടങ്ങാൻ, ജാതിയിലേക്ക് മടങ്ങാൻ, ജനതയെ നിരന്തരമായി ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രത്യയ ശാസ്ത്രപദ്ധതി വിദേശ ഫണ്ടിങ്ങ് ഏജൻസികൾക്കുണ്ട്".

പ്രിയസുഹൃത്തേ,

കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ, വയനാടിന്റെ സവിശേഷസാഹചര്യങ്ങളിൽ വിദേശ ഫണ്ടിങ്ങിന്റെ രാഷ്ട്രീയത്തിന് അഗാധവും നൂതനവുമായ അർത്ഥതലങ്ങളുണ്ടെന്നത് നിശ്ചയമാണ്. നമ്മുടെ തനതും സമ്പന്നവുമായ സംസ്ക്കാരം, കാലാവസ്ഥ, കൃഷി, കാർഷിക ജീവിതവ്യവസ്ഥ, പാരമ്പര്യഗ്രാമീണ വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം തന്നെ പാതാളത്തിലേക്ക് മുതലക്കുപ്പ്കുത്തുമ്പോഴും ഉയരങ്ങളിലേക്ക്, ബഹുനിലമന്ദിരങ്ങളായും, ചലിക്കുന്ന ശീതികരിച്ച കൊട്ടാരങ്ങളായും, പ്രൊഫഷണലുകൾ നയിക്കുന്ന നവസാമൂഹ്യ പ്രസ്ഥാനങ്ങളായും, എൻ.ജി.ഒ.കൾ നമ്മുടെ സമൂഹത്തെ കീഴടക്കികൊണ്ടിരിക്കുകയാണ്. ചാരന്മാർ പതുങ്ങി, പിൻവാതിലൂടെ പ്രവേശിക്കുന്നുവെന്നത് ഇന്നൊരു പഴംകഥമാത്രം ! വിദേശഫണ്ടിന്റെ ധാർഷ്ട്യവുമായി അവരിപ്പോൾ പൂമുഖത്ത് കസേരയിട്ട് ഞെളിഞ്ഞിരിപ്പാണ്. വീട്ടുടമ വേലിക്കപ്പുറത്ത് ഓച്ഛാനിച്ച് നിൽക്കേണ്ട കാലത്തിലേക്ക് ഇനിയധികം ദൂരമില്ല.

പ്രൊഫ : എം. എൻ. വിജയനും, പ്രൊഫ : എസ്. സുധീഷും 'പാഠം' മാസികയും ഫണ്ടിങ്ങിന്റെ രാഷ്ട്രിയം പറയാൻ തുടങ്ങിയപ്പോൾ പലരുടെയും മുഖംമൂടികൾ അഴിഞ്ഞു വീഴുന്നതു നാം കണ്ടതാണല്ലൊ. പക്ഷേ, പൗരവകാശ സംരക്ഷകരായി രൂപാന്തരീകരണം സംഭവിച്ച റിട്ടയേഡ്ജഡ്ജിമാരുടേയും, സാംസ്ക്കാരിക നായകന്മാരുടേയും മാധ്യമ പ്രവർത്തകരുടേയും, "മനുഷ്യാവകാശപരിസ്ഥിതി" പ്രവർത്തകരുടേയും, പേക്കോലങ്ങൾ കണ്ണുചിമ്മി പാലുകുടിച്ചുകൊണ്ടേയിരിക്കുകയാണ്. വയനാട്ടിലാണെങ്കിൽ, മുത്തങ്ങ സംഭവത്തിലും. തുടർന്നും ഫണ്ടിങ്ങ് ഏജൻസികളും, അവരുടെ വൈതാളികരും നടത്തിയ ഉറഞ്ഞാട്ടം ആരും മറന്നിട്ടില്ല. ഗുണ്ടകളേയും സാമൂഹ്യ വിരുദ്ധരേയും വികലമനസ്സുകളേയും സാംസ്ക്കാരിക നായകരായും പൗരവകാശത്തിന്റെ മൊത്തവിതരണക്കാരായും എഴുന്നള്ളിച്ചുനടക്കുന്നതും വിദേശ ഫണ്ടിങ്ങ് തമ്പുരാക്കന്മാർ തന്നെ.

കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശഫണ്ട് പറ്റുന്ന എൻ.ജി.ഒ.കൾ പ്രവർത്തിക്കുന്ന സ്ഥലമാണ് വയനാട്. കൊടിയ പാരിസ്ഥിതികത്തകർച്ചയോടൊപ്പം ഇക്കൂട്ടരുടെ സാമൂഹ്യ മരുവൽക്കരണവും നമ്മെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വയനാടിന്റെ സമസ്തമേഖലകളിലും ഇവരുടെ വിഷവേരുകൾ ആഴ്ന്നുകഴിഞ്ഞു. അതുകൊണ്ടുതന്നെ എൻ.ജി.ഒ കളുടെ പങ്കിനെക്കുറിച്ച് വിവാദങ്ങൾക്ക് ചെവികൊടുക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. കുടിവെള്ളം, ശുദ്ധവായു, പാർപ്പിടം തുടങ്ങിയ അടിസ്ഥാന വിഭവങ്ങളെല്ലാം തന്നെ ഇവരുടെ നിയന്ത്രണത്തിലും വരുതിയിലും വരാൻ പോവുകയാണ്. സായിപ്പിന്റെ ഡോളർ കൊണ്ടും, അറബിയുടെ എണ്ണപ്പണംകൊണ്ടും മാത്രമെ പരിസ്ഥിതി - സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് നിലനിൽക്കാൻ കഴിയൂ എന്ന് 'പാഠഭേദം' ചമക്കുന്നവരും വിജയൻ മാഷിന്റെയും സുധീഷിന്റെയും വെളിപ്പെടുത്തലുകളോട് പ്രതികരിക്കാൻ ബാദ്ധ്യസ്ഥമാണ്.

പ്രഭാഷണത്തിലേക്കും സംവാദത്തിലേക്കും താങ്കളെ വിനയപൂർവ്വം ക്ഷണിക്കുന്നു.

എന്ന്,

തോമസ്, അമ്പലവയൽ
സെക്രട്ടറി, വയനാട് പ്രകൃതിസംരക്ഷണസമിതി

സുൽത്താൻ ബത്തേരി
3-1-2004

# 2004 ജൂൺ 5 ശനിയാഴ്ച ലോകപരിസ്ഥിതി ദിനം

# സൈലന്റ്‌വാലി സംരക്ഷണ ദിനം

## ഡോ : സതീഷ് ചന്ദ്രൻ നായരുടെ

## പ്രഭാഷണവും സ്ലൈഡ് പ്രദർശനവും

### സുൽത്താൻ ബത്തേരി ഡയറ്റ് ഹാളിൽ

പ്രിയ സുഹൃത്തെ,

അത്യമൂല്യമായ സൈലന്റ്‌വാലിക്കാടുകൾ എന്നെന്നേക്കുമായി നഷ്ടപ്പെടാൻ പോവുകയാണ്. കാൽനൂറ്റാണ്ട് മുൻപ് ലോകം മുഴുവൻ പിൻതുണച്ച ഒരു പ്രക്ഷോഭത്തിലൂടെ പ്രകൃതിസ്നേഹികൾ സംരക്ഷിച്ചതാണീ അപൂർവ്വവനസമ്പത്ത്. "ചെകുത്താൻ ഒരിക്കലും ഉറങ്ങുന്നില്ല". കെ.എസ്.ഇ.ബിയും സംസ്ഥാനത്തെ കോൺട്രാക്ടർലോബിയും ഇക്കാലമത്രയും സൈലന്റ് വാലിയെ ഉന്മൂലനം ചെയ്യുന്ന കുന്തിപുഴയിലെ അണക്കെട്ടിനായി ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുകയായിരുന്നു.

ഇപ്പോൾ, ഇതാ സൈലന്റ് വാലി ജലവൈദ്യുത പദ്ധതി പാത്രക്കടവ് ജലവൈദ്യുതപദ്ധതിയായി വേഷപ്രച്ഛന്നമായി എത്തിയിരിക്കുന്നു. കേന്ദ്ര സർക്കാറിന്റെ ചില ചട്ടങ്ങൾ പാലിക്കുന്നതിനായി മണ്ണാർക്കാട് വച്ച് കഴിഞ്ഞ മാസം 21 ന് ഒരു പൊതു തെളിവെടുപ്പ് നടക്കുകയുണ്ടായി. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ നടന്ന ആ തെളിവെടുപ്പ് ഒരു പ്രഹസനവും ഗൂഡാലോചനയും, കേരളത്തിന്റെ സംസ്ക്കാരത്തിന് കളങ്കമുണ്ടാക്കുന്നതും ജനാധിപത്യമര്യാദകൾക്ക് നിരക്കാത്തതും ആയിരുന്നു. ലോകത്തിന്റെ പൊതുസ്വത്തായ സൈലന്റ്‌വാലി നശിപ്പിക്കുന്നതിനെതിരെ തെളിവു നൽകാനെത്തിയ ശ്രീമതി സുഗതകുമാരിയടക്കമുള്ള പ്രകൃതിസ്നേഹികളെ പ്രാദേശികവികസനവികാരം ഇളക്കിവിട്ട് വളഞ്ഞുവെയ്ക്കുകയും, കൂകിവിളിക്കുകയും, ഭീഷണിപ്പെടുത്തി തിരിച്ചയക്കുകയും ചെയ്ത തെമ്മാടിസംഘത്തിന് നേതൃത്വം നൽകിയത് സ്ഥലം എം.എൽ.എയും രണ്ട് പഞ്ചായത്തു പ്രസിഡണ്ടുമാരുമായിരുന്നു. അവർ കോൺട്രാക്ടർ - കെ.എസ്. ഇ.ബി മാഫിയയുടെ വാടകക്കാരായിരുന്നു എന്ന് തീർച്ചയാണ്.

പശ്ചിമഘട്ടമലനിരകളിൽ അങ്ങിങ്ങായി ശേഷിച്ചിട്ടുള്ള തുണ്ടുവനങ്ങളിൽ അതീവ പ്രാധാന്യമർഹിക്കുന്ന സൈലന്റ് വാലിക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം ലോകത്തിനാകെ ഇന്നറിയാം. ഭാരതപ്പുഴയുടെ, വേനലിൽ ഒഴുകുന്ന ഒരേ ഒരു കൈവഴിയായ കുന്തിപ്പുഴയുടെ പ്രഭവകേന്ദ്രമാണ് സൈലന്റ് വാലിക്കാടുകൾ. കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കാടിന്റെ നാശം മൂലമുള്ള വരൾച്ചയും വെള്ളപ്പൊക്കവുമാണ്. ശേഷിക്കുന്ന ഓരോ ഇഞ്ച് കാടും നമുക്ക് വിലപ്പെട്ടതാണ്.

സംസ്ഥാനത്ത് യാതൊരു വിധ വൈദ്യുതി പ്രതിസന്ധിയും നിലവിലില്ല. മാസം പ്രതി 21 കോടി രൂപ കേന്ദ്രസർക്കാറിന് പിഴകൊടുക്കുന്ന നാം കായംകുളം വൈദ്യുതി പൂർണ്ണമായി ഉപയോഗിക്കുന്നേയില്ല. വയനാട്ടിലെ ബാണാസുരസാഗർ പദ്ധതിയടക്കമുള്ള ആയിരക്കണക്കിന് കോടിയുടെ പദ്ധതികൾ പതിറ്റാണ്ടുകളായി ഹനുമാൻ വാലുപോലെ അനന്തമായി നീളുകയാണ്. മുപ്പതുശതമാനത്തോളം വരുന്ന പ്രസരണനഷ്ടവും വ്യാപകമായ കറന്റ് മോഷണവും കെ. എസ്. ഇ. ബി. വെള്ളാനകളുടെ കെടുകാര്യസ്ഥതയും തടഞ്ഞാൽ തന്നെ നിലവിലുള്ള വൈദ്യുതി പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാൻ കഴിയും.

നമുക്കിനി അണക്കെട്ടുകൾ വേണ്ട. ഇപ്പോൾ തന്നെ കൊച്ചു കേരളത്തിൽ 60 വൻകിടപദ്ധതികളുണ്ട്. അനുദിനം ശവപ്പറമ്പിന് തുല്യമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഇനി അവശേഷിക്കുന്ന പശ്ചിമഘട്ടത്തിലെ ഓരോ ഇഞ്ച് കാടും നമുക്ക് അമൂല്യമാണ്. അവയെ എന്ത് വിലകൊടുത്തും സംരംക്ഷിക്കേണ്ടതുണ്ട്. നിർദ്ദിഷ്ട പാത്രക്കടവുപദ്ധതി പഴയ സൈലന്റ്‌വാലി പദ്ധതിയായി വേഷം മാറിയ പുതിയ പദ്ധതിയാണ്. സൈലന്റ് വാലിക്കകത്തോ ബഫർ സോണിലോ യാതൊരു നിർമ്മാണപ്രവർത്തനവും, പദ്ധതികളും പാടില്ല.

സൈലന്റ് വാലിയെ സംരക്ഷിക്കണമെന്നും പാത്രക്കടവ് പദ്ധതിക്ക് അനുമതി നൽകരുതെന്നുമാവശ്യപ്പെട്ടുകൊണ്ട് വയനാട് പ്രകൃതി സംരക്ഷണ സമിതി ആരംഭിക്കുന്ന പ്രചരണ പ്രക്ഷോഭ പ്രവർത്തനങ്ങൾ ഈ വരുന്ന ലോകപരിസ്ഥിതിദിനത്തിൽ ആരംഭിക്കുകയാണ്. കാൽനൂറ്റാണ്ട് മുൻപ് സൈലന്റ് വാലിസംരംക്ഷണത്തിനായി രംഗത്തിറങ്ങിയ ഡോ: സതീഷ് ചന്ദ്രൻനായർ ആ കാടുകളെ ഏറ്റവുമധികം പഠിക്കുകയും നിരീക്ഷിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ പ്രഭാഷണവും,സൈലന്റ് വാലിയെകുറിച്ച് ഉള്ള സ്ലൈഡുകളും ജൂൺ 5 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിയ്ക്ക്: സുൽത്താൻ ബത്തേരി ഡയറ്റ് ഹാളിൽ നടക്കുന്നതാണ് താങ്കളെ ഞങ്ങൾ പരിപാടിയിലേയ്ക്ക് ക്ഷണിക്കുന്നു.

എന്ന്

**ബാദുഷ** പ്രസിഡണ്ട്

**ബാബു മൈലമ്പാടി** സെക്രട്ടറി

വയനാട് പ്രകൃതി സംരക്ഷണസമിതി

**NB : സുൽത്താൻ ബത്തേരി - ചീരാൽ റോഡിൽ സർവ്വജന ഹൈസ്ക്കൂളിന് സമീപമാണ് ഡയറ്റ് ഹാൾ.**

**കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരിസ്ഥിതിസംരക്ഷണ സംഘടനകളുടെ പ്രതിനിധികളുടെയും പ്രകൃതി സ്നേഹികളുടെയും ഏപ്രിൽ 5-നു തിരുവനന്തപുരത്ത് വഴുതക്കാട് ബാലവിഹാറിൽ വച്ചു കൂടിയ കാട്ടുതീയെ കുറിച്ചുള്ള ആലോചനാ യോഗത്തിന്റെ തീരുമാനങ്ങൾ**

മുൻപൊരിക്കലും കേരളം നേരിട്ടിട്ടില്ലാത്തത്ര രൂക്ഷമായ വരൾച്ചയും കൃഷിനാശവും സാമ്പത്തിക പ്രതിസന്ധിയും നാം അനുഭവിക്കുന്ന വേനൽക്കാലമാണിത്. പല ഗ്രാമങ്ങളിൽ നിന്നും വെള്ളത്തിനു വേണ്ടിയുള്ള സംഘട്ടനങ്ങളെ കുറിച്ചാണ് പത്ര വാർത്തകൾ. എന്നാലീ വാർത്തകൾക്കു പിന്നിൽ കേരളത്തിന്റെ ശുദ്ധജല സ്രോതസ്സുകളുടെ മർമ്മ നിയന്ത്രണം വഹിക്കുന്ന കാടുകളുടെ നാശം ശ്രദ്ധിക്കപ്പെടുന്നുണ്ടെന്ന് തോന്നുന്നില്ല. മുൻപ് പല വേനൽക്കാലങ്ങളിലും സംഭവിച്ചതു പോലെ വ്യാപകമായ കാട്ടുതീ ഈ വേനലിലും വനനശീകരണത്തിന്റെ വേഗത കൂട്ടി. ഇടവപ്പാതി മഴ കുറഞ്ഞതും വനംവകുപ്പിന്റെ കാട്ടുതീ നിയന്ത്രിക്കാനുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാത്തതും കാരണം കേരളത്തിലെ മിക്കവാറും എല്ലാ വനമേഖലകളിലും ഭീകരമായ നാശം വരുത്തി കാട്ടുതീ പടർന്നു പിടിച്ചു. കാടു കത്തുന്നതിനെ കുറിച്ച് ഒട്ടേറെ പത്ര വാർത്തകളുണ്ടായിരുന്നെങ്കിലും ഔദ്യോഗികമായി വനംവകുപ്പ് റിസർവ്വ് വനങ്ങൾ കത്തിനശിച്ചത് കൃത്യമായി കണക്കെടുത്തുവോ എന്നു സംശയമാണ്.

കേരള സമൂഹവും അതിന്റെ രാഷ്ട്രീയ, ഭരണകൂടനേതൃത്വവും മനുഷ്യനിടുന്ന കാട്ടുതീ വിനാശകരവും അതുകൊണ്ടു തന്നെ ഏറ്റവും ശ്രദ്ധിച്ച് തടുക്കേണ്ടതുമാണെന്ന് കരുതുന്നുവെന്ന് തോന്നുന്നില്ല. മറ്റൊരിടത്തുമില്ലാത്ത ജൈവസമ്പന്നതയും വനത്തെ ആശ്രയിച്ചു ജീവിക്കുന്ന ഒട്ടേറെ ജനങ്ങളുടെ വരുമാനത്തിനുള്ള വിഭവങ്ങളും വരും വർഷങ്ങളിൽ കൂടി ഈ സംസ്ഥാനത്തിനു ലഭിക്കേണ്ടിയിരുന്ന കുടിനീരുമെല്ലാം ഈ വേനലിലെ കാട്ടുതീയിൽ കത്തിയമരുകയാണ്. വയനാട് വന്യജീവിസങ്കേതത്തിൽ മാത്രം പതിനൊന്നു കാട്ടാനകളും രണ്ടു പുലികളും അവിടുത്തെ കുറിച്ച്യാട് റേഞ്ചിൽ മാത്രം പന്ത്രണ്ട് കാട്ടുപോത്തുകളും വരൾച്ച കൊണ്ട് ചത്തതായാണ് പത്രറിപ്പോർട്ടുകൾ. സസ്യസമൂഹത്തിനു വന്ന നാശവും മണ്ണിനും ജലത്തിനും വന്ന ശോഷണവും പത്രവാർത്തകളിൽ എത്തുന്നില്ല. കേരളത്തിലെ എല്ലാ വനഭൂമികളുടെയും സ്ഥിതി ഏതാണ്ടിതു ~~പോലെയായിരിക്കണം~~ തന്നെയാണ്.

ഉയരം കൂടിയ മലകളിലെ, ക്ഷതമേറ്റാൽ പുനരുജ്ജീവിക്കാനാവാത്ത ചോലക്കാടുകൾ തുടങ്ങി കത്തിപ്പടരാൻ അടിക്കാടുകൾ പോലുമില്ലാത്ത തേക്കുതോട്ടങ്ങൾ വരെ ഈ വർഷം തീ കത്തി നശിച്ചു. കാടുകൾ കത്തിനശിച്ചതിനും ജലസ്രോതസ്സുകൾക്കു സംഭവിച്ച നാശത്തിനും പുറമെയാണ് കാട്ടുതീ കൊണ്ടുള്ള അന്തരീക്ഷ മലിനീകരണവും വർദ്ധിച്ച അന്തരീക്ഷ ഊഷ്മാവ് കൊണ്ടുള്ള കൃഷിനാശവും. വരുന്ന മഴക്കാലത്ത് കത്തിയമർന്ന കാടുകളിൽ നിന്ന് കൂടുതലായി ഒലിച്ചിറങ്ങുന്ന വെള്ളവും മേൽമണ്ണും ഉരുൾപൊട്ടലിനും നദീതടങ്ങൾ മണ്ണുവീണ് തൂർന്നു പോകുന്നതിനും കാരണമാകും. അണക്കെട്ടുകളുടെ ജലസംഭരണികൾ പെട്ടെന്നു നിറഞ്ഞ് അണക്കെട്ട് തുറന്നുണ്ടാവുന്ന വെള്ളപ്പൊക്കവും കാട്ടുതീയ്ക്കു പിന്നാലെ വരുന്ന മനുഷ്യ പ്രവൃത്തികൾ കാരണമുള്ള പാരിസ്ഥിതിക ദുരന്തങ്ങളിൽ ചിലതുമാത്രമാണ്. ഇന്നീ മുന്നറിയിപ്പ് കാണാൻ നാം വിസമ്മതിക്കുകയുമാണ്.

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള പരിസ്ഥിതി സംഘടനാ

പ്രവർത്തകരും പ്രകൃതിസ്നേഹികളും ഏപ്രിൽ 5-ന് തിരുവനന്തപുരത്ത് വഴുതക്കാടുള്ള ബാലവിഹാറിൽ കാട്ടുതീ വരുത്തിയ നാശത്തെ വിലയിരുത്താനും തുടർ നടപടികളെ കുറിച്ചാലോചിക്കാനും ഒത്തുചേർന്നു. ഈ വർഷം കാട്ടുതീ കൊണ്ടുണ്ടായ വനനാശത്തെ കുറിച്ച് ഓരോവനമേഖലയിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനും അവ സമാഹരിച്ച് കാട്ടുതീ ചെറുക്കാനുള്ള വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഏപ്രിൽ അവസാനത്തിനു മുൻപ് തിരുവനന്തപുരത്ത് വിളിച്ച് കൂട്ടുന്ന ഒരു പൊതു സമ്മേളനത്തിൽ വച്ച് പ്രകാശനം ചെയ്യാനും ഈ യോഗം തീരുമാനിച്ചു. വരും വർഷങ്ങളിൽ കൂടുതൽ വിപുലമായി നമ്മുടെ വനങ്ങളെ ബാധിക്കുന്ന കാട്ടുതീയെ കുറിച്ച് പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും ഭരണകൂടത്തെയും കോടതിയെയും ക്രിയാത്മക നടപടികൾക്ക് സമീപിക്കാനും ഈ കൂടിച്ചേരൽ തീരുമാനിച്ചു.

ഈ യോഗത്തിൽ പ്രതിനിധീകരിക്കപ്പെട്ട സംഘടനകൾ-

പ്രകൃതി സംരക്ഷണ സമിതി, തിരുവനന്തപുരം.
ഗ്രീൻസ്, തിരുവനന്തപുരം.
വേഡേഴ്സ് & വാർബ്ളേഴ്സ്, തിരുവനന്തപുരം.
തണൽ, തിരുവനന്തപുരം.
ബാലവിഹാർ, തിരുവനന്തപുരം.
കല്ലാർ സംരക്ഷണ സമിതി.
പൂയംകുട്ടി സംരക്ഷണ സമിതി.
ഹരിതമൈത്രി, കാലടി.
ചാലക്കുടിപ്പുഴ സംരക്ഷണ സമിതി.
മലബാർ നാച്ചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്.
വയനാട് പ്രകൃതി സംരക്ഷണ സമിതി.
സീക്ക്, പയ്യന്നൂർ.

തോമസ്. അമ്പലവയൻ

5/4/04

Thomas

തിരുവനന്തപുരം.

സെക്രട്ടറി. വയനാട് പ്രകൃതി സംരക്ഷണസമിതി